**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5930** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രജിസ്ട്രേഷനുള്ള കാലതാമസം എന്താണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ നിയമത്തിന് വിധേയമായി സമർപ്പിക്കുന്ന അപേക്ഷകൾ ആയത് ലഭ്യമായി 90 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്ന് സഹകരണ നിയമം വകുപ്പ് 7 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ രജിസ്ട്രേഷനിൽ കാലതാമസം ഉണ്ടാകുന്നില്ല. രജിസ്ട്രേഷനായി നിയമാനുസരണം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ നയം. |
| (ബി) | കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട പ്രവാസികൾ രൂപീകരിച്ച സഹകരണ സംഘങ്ങൾ ഉൾപ്പെടെ നിരവധി സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ